ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/3464/2024-L5 (PLA) തീയതി: 27-02-2025

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം- സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറകടറേറ്റ് -കെ ഫോൺ കണക്ഷനുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിർദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1.03.04.2024 ലെ സ .ഉ (സാ ധാ) നം. 70/2024/ITD ഉത്തരവ്
2.20.11.2024 ലെ ITB1/121/2023-ITD പരിപത്രം
3.11.12.2024 ലെ ഈ കാര്യാലയത്തിലെ സിസ്റ്റം അനലിസ്റ്റിൻറെ സമർപ്പണം

ഈ വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും SME plan പ്രകാരമുള്ള കെ ഫോൺ കണക്ഷൻ 2024 മെയ് മുതൽ നടപ്പിലാക്കിയിരുന്നു. കെ ഫോൺ കണക്ഷൻ നടപ്പിലാക്കിയ 2024 കാലയളവിൽ സർക്കാർ ഓഫീസുകളിൽ ഈ സേവനം സൗജന്യമായിരുന്നു. നിലവിൽ കെ ഫോൺ കണക്ഷൻ Paid Service ആയതിനാൽ ഈ കണക്ഷൻ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണെന്ന ഗവൺമെൻറ് നിർദേശത്തിൻറെ അടിസ്ഥാനത്തിൽ സൂചന(3) പ്രകാരം കെ ഫോൺ കണക്ഷനുമായി ബന്ധപ്പെട്ട് വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികളും പാലിക്കേണ്ട നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സൂചന(1) പ്രകാരമുള്ള ഗവൺമെൻറ് ഉത്തരവ് പ്രകാരം കെ ഫോൺ കണക്ഷൻ ലഭ്യമായ സ്ഥാപനങ്ങൾ തടസ്സമോ വേഗതക്കുറവോ നേരിടാത്ത പക്ഷം കെ ഫോൺ കണക്ഷൻ പ്രാഥമിക കണക്ഷനായി ഉപയോഗിക്കേണ്ടതാണ്.

2. കെ ഫോൺ ലഭ്യമാകാത്ത ഏതെങ്കിലും സാഹചര്യം വരുന്ന പക്ഷം 1800 570 4466 എന്ന നമ്പറിലേയ്ക്ക് അപ്പോൾ തന്നെ വിളിച്ച് രജിസ്റ്റർ ചെയ്തു കണക്ഷൻ എത്രയും വേഗം പുനർസൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇപ്പോൾ കെ ഫോൺ പോർട്ടൽ (https://bss.kfon.co.in) വഴി കണക്ഷൻ ഡീറ്റൈൽസ് അറിയാനും പരാതികൾ രജിസ്റ്റർ ചെയ്യുവാനുമുള്ള സൗകര്യവും ആരംഭിച്ചിട്ടുണ്ട്. Login Credentials സ്ഥാപനത്തിന്റെ മെയിൽ വഴി അറിയിച്ചിട്ടുണ്ട്.

3. BSNL-NMEICT പ്ലാൻ ഏകദേശം 11 വർഷം മുൻപ് നടപ്പിലാക്കിയതിനാൽ ബാൻഡ് വിഡ്ത് കുറവും താരിഫ് കൂടുതലുമാണ്. ഇത് അധിക ബാധ്യത ഉണ്ടാക്കുന്ന സാഹചര്യത്തിൽ കെ ഫോൺ കൂടാതെ മറ്റൊരു ബാക്കപ്പ് ഇൻറർനെറ്റ് കണക്ഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്കു (പോളിടെക്നിക്കുകൾ, CFA, സബ് ഓഫീസുകൾ )ആവശ്യമെങ്കിൽ മാത്രം ബാൻഡ് വിഡ്ത് കൂടുതലും താരിഫ് കുറഞ്ഞതും പരാമാവധി 100 Mbps വേഗതയുള്ളതുമായ (GST ഉൾപ്പെടെ പ്രതിമാസം 750 രൂപയിൽ കവിയരുത്) BSNL FTTH പ്ലാനുകൾ തിരഞ്ഞെടുക്കാവുന്നതാണ് .

4. പുതിയ പ്ലാനിലേയ്ക്ക് മാറുമ്പോൾ സ്ഥാപനങ്ങളിൽ നിലവിൽ ഉപയോഗത്തിലിരിക്കുന്ന ലാൻഡ്ഫോൺ നമ്പർ നിലനിർത്തണമെന്നുള്ള വിവരം BSNL നെ അറിയിക്കേണ്ടതാണ്.

5. മൂന്നു ഇൻറർനെറ്റ് കണക്ഷനിൽ കൂടുതൽ ഒരു സ്ഥാപനത്തിൽ ഉണ്ടാകാൻ പാടുള്ളതല്ല .

SHALIJ P R
DIRECTOR

സ്വീകർത്താവ്,

ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും(www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

**Signed by Shalij P R**
**Date: 27-02-2025 22:41:22**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- കെ-ഫോൺ പ്രാഥമിക ഇന്റർനെറ്റ് കണക്ഷനായി ഉപയോഗിക്കുന്നതിനും ബിൽ പ്രകാരമുള്ള തുക ഒടുക്കുന്നതിനും സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.70/2024/ITD തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:- 1) 02-09-2023, 07-10-2023 തീയതികളിലെ ഐ.ടി.-ബി1/121/2023-ഐ.ടി.ഡി. നമ്പർ പരിപത്രങ്ങൾ.

2) ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് സെക്രട്ടറിയുടെ 13-02-2024-ലെ ഐ.ടി.-ബി1/121/2023-ഐ.ടി.ഡി. നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

3) കെ-ഫോൺ മാനേജിങ് ഡയറക്ടറുടെ 15-03-2024-ലെ 01/KFON/2024/456 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ മുപ്പതിനായിരത്തോളം സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തടസ്സരഹിതവും വേഗതയുള്ളതുമായ ഇന്റർനെറ്റ് പ്രദാനം ചെയ്യാൻ കെ-ഫോൺ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിട്ടിരുന്നു. ഇതിന്റെ ഭാഗമായി, കെ-ഫോൺ കണക്ഷൻ ലഭ്യമായ ഓഫീസുകൾ ആയത് പ്രാഥമിക ഇന്റർനെറ്റ് കണക്ഷനായി ഉപയോഗിക്കുന്നതിനുള്ള നിർദേശം പരാമർശത്തിലെ പരിപത്രങ്ങൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ, കെ-ഫോൺ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി, ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് അടയ്ക്കേണ്ട ബിൽ പ്രകാരമുള്ള തുക ഒടുക്കാൻ എല്ലാ സർക്കാർ ഓഫീസുകൾക്കും നിർദേശം നൽകണമെന്ന് പരാമർശം (2) പ്രകാരം ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് സെക്രട്ടറി എല്ലാ വകുപ്പ് സെക്രട്ടറിമാരോടും അഭ്യർത്ഥിക്കുകയുണ്ടായി.

2) എന്നാൽ, കെ-ഫോൺ കണക്ഷൻ ലഭ്യമായ ചില സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ കണക്ഷൻ പ്രയോജനപ്പെടുത്താത്തതും ഇന്റർനെറ്റ് ഉപയോഗിക്കുന്നവർ തുക അടയ്ക്കാത്തതുമായ സാഹചര്യം കെ-ഫോൺ മാനേജിങ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ, കെ-ഫോൺ പ്രാഥമിക കണക്ഷനായി ഉപയോഗിക്കുന്നതിനും ബിൽ തുക ഒടുക്കുന്നതിനും ആവശ്യമായ നിർദേശം പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം കെ-ഫോൺ മാനേജിങ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

3) ഈ സാഹചര്യത്തിൽ സർക്കാർ ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു:-

i) കെ-ഫോൺ കണക്ഷൻ ലഭ്യമായ സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ, തടസ്സമോ വേഗതക്കുറവോ നേരിടാത്ത പക്ഷം, അടിയന്തിരമായി കെ-ഫോൺ കണക്ഷൻ പ്രാഥമിക ഇന്റർനെറ്റ് കണക്ഷനായി ഉപയോഗിക്കേണ്ടതും ഇതര കണക്ഷനുകൾ വിച്ഛേദിക്കേണ്ടതുമാണ്. കെ-ഫോണിന് പുറമേ മറ്റ് ഇന്റർനെറ്റ് കണക്ഷനുകൾ അനിവാര്യമായ ഓഫീസുകളുടെ/ സ്ഥാപനങ്ങളുടെ പട്ടിക ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പിന് കൈമാറേണ്ടതും ഇതര

കണക്ഷൻ ഉപയോഗിക്കുന്നതിന് അനുമതി നേടേണ്ടതുമാണ്.

(ii) ഇന്റർനെറ്റ് ഉപയോഗിച്ചതിന് കെ-ഫോൺ ലിമിറ്റഡ് ലഭ്യമാക്കുന്ന ബിൽ പ്രകാരമുള്ള തുക എല്ലാ സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങളും നിർബന്ധമായും ഒടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് അധ്യക്ഷന്മാർക്കും.
മാനേജിങ് ഡയറക്ടർ, കെ-ഫോൺ ലിമിറ്റഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
Date: 03-04-2024 16:46:00
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഐ.റ്റി.-ബി1/121/2023-ഐ.റ്റി.ഡി.
ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-11-2024

**പരിപത്രം**

വിഷയം:- ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- കെ-ഫോൺ ഉപയോഗിക്കുന്നതിനായി സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ തുക ചെലവഴിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 03-04-2024-ലെ സ.ഉ.(സാധാ) നം.70/2024/ITD.

സൂചനയിലെ ഉത്തരവ് പ്രകാരം, തടസ്സമോ വേഗതക്കുറവോ നേരിടാത്ത പക്ഷം കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ പ്രാഥമിക കണക്ഷനായി ഉപയോഗിക്കാനും മറ്റ് കണക്ഷനുകൾ വിച്ഛേദിക്കാനും നിർദേശം നൽകിയിരുന്നു. കൂടാതെ, പ്രസ്തുത ഉത്തരവ് പ്രകാരം, കെ-ഫോൺ ലിമിറ്റഡ് നൽകുന്ന ബിൽ പ്രകാരമുള്ള തുക ബന്ധപ്പെട്ട സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ ഒടുക്കണമെന്നും നിർദേശം നൽകിയിരുന്നു.

കെ-ഫോൺ ഉപയോഗിക്കുന്നതിനായി സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ ഏതെല്ലാം ആവശ്യങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും അല്ലെങ്കിൽ നോൺ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാമെന്നും, പ്ലാൻ ഫണ്ട് അല്ലെങ്കിൽ നോൺ പ്ലാൻ ഫണ്ട് അതുമല്ലെങ്കിൽ ഇവ രണ്ടും ലഭ്യമല്ലാത്ത ഓഫീസുകൾ/ സ്ഥാപനങ്ങൾ എപ്രകാരം കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ തുക ചെലവഴിക്കാമെന്നതും സംബന്ധിച്ച് വ്യക്തത ആവശ്യമുണ്ട്.

ഇക്കാര്യത്തിൽ, ധനകാര്യ വകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർക്കുന്ന നിർദേശം/സ്പഷ്ടീകരണം നൽകുന്നു.

(i) സർക്കാർ ഓഫീസുകളുടെ/ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവും ഇൻറർനെറ്റ് ഉപയോഗത്തിന് എല്ലാ മാസവും അടക്കേണ്ട ചെലവും നിലവിൽ പ്രസ്തുത ഓഫീസുകളുടെ ടെലഫോൺ /ഇന്റർനെറ്റ് ചെലവുകൾ വഹിച്ചു വരുന്ന പ്ലാൻ /നോൺ പ്ലാൻ വിഭാഗത്തിൽപ്പെടുന്ന **05 Office Expenses - 03 Telephone Charges** എന്ന **Detailed - Object** ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ii) **05 Office Expenses - 03 Telephone Charges** എന്ന പ്രത്യേക **Detailed - Object** ശീർഷകം അനുവദിച്ചിട്ടില്ലാത്തതും എന്നാൽ നിലവിൽ ടെലഫോൺ/ഇന്റർനെറ്റ് ചെലവുകൾ ഏതെങ്കിലും ബജറ്റ് ശീർഷകത്തിൽ നിന്നും പ്രോജക്ട്/പദ്ധതിയുടെ ഭാഗമായി വഹിച്ചു വരുന്നുണ്ടെങ്കിൽ പ്രസ്തുത ശീർഷകത്തിൽ നിന്നുതന്നെ ടി ചെലവുകൾ വഹിക്കാവുന്നതാണ്.

(iii) സർക്കാർ ബജറ്റ് പ്ലാൻ /നോൺ പ്ലാൻ വിഹിതം ഉപയോഗിച്ചല്ലാതെ മറ്റ് ഫണ്ട് ഉപയോഗിച്ച് (തനത് ഫണ്ട്, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ട് മുതലായവ) നിലവിൽ ടെലഫോൺ/ഇന്റർനെറ്റ് ചെലവുകൾ വഹിക്കുന്ന എല്ലാ സ്ഥാപനങ്ങളും കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ചെലവും ഇൻറർനെറ്റ് ഉപയോഗത്തിന് ഓരോ മാസവും അടക്കേണ്ട ചെലവും അതേ ഫണ്ടിൽ നിന്നും തന്നെ വഹിക്കേണ്ടതാണ്.

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് അധ്യക്ഷന്മാർക്കും.
മാനേജിങ് ഡയറക്ടർ, കെ-ഫോൺ ലിമിറ്റഡ്.
സെക്രട്ടറിയേറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mahesh. R
Date: 20-11-2024 16:01:32

സെക്ഷൻ ഓഫീസർ